കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA P12/662/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 20/07/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസിൽ)
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട (ഇമെയിൽ)
ഓഫീസ് കോപ്പി

നമ്പർ: KSAPTA P12/662/2024 തീയ്യതി: 20/07/2024

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ വിനോദ് ശ്രീധർ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	10-06-2024	18-06-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-06-2024	18-06-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജി എ.,ഓഡിറ്റ് ഓഫീസർ

ശ്രീമതി ജ്വാല ജെ.,ഓഡിറ്റ് ഓഫീസർ

ശ്രീ ഷൈജു വൈ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.പി.അനിൽകുമാർ.,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഹരികുമാർ എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ആർ.തുളസീധരൻപിള്ള	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ രാജശേഖരൻ നായർ	സെക്രട്ടറി	01-04-2023	31-05-2023
ശ്രീ നിസ്സാറുദ്ദീൻ എം	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2023	03-07-2023
ശ്രീ രജീഷ് ആർ നാഥ്	സെക്രട്ടറി	04-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രശ്മി റ്റി എസ്	സി.ഡി.പി.ഒ	01-04-2023	07-08-2023
ശ്രീമതി പ്രിയകുമാരി കെ	സി.ഡി.പി.ഒ	08-08-2023	31-03-2024
ശ്രീമതി റാണി പി ജി	പട്ടികജാതി വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ റോഷൻ ജോർജ്	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2023	31-03-2024
ഡോ വിപിൻ.എ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	01-04-2023	31-03-2024
ശ്രീ പ്രവീൺ പ്രകാശ്	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	24-10-2023
ശ്രീ വിപിൻ ചന്ദ്രലാൽ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	25-10-2023	31-03-2024
ശ്രീമതി സുനിത കുമാരി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ	01-04-2023	08-10-2023
ശ്രീ വിനോദ് എസ്	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ	09-10-2023	31-03-2024
ശ്രീമതി അഷിന വി എ	എക്സിക്യൂട്ടീവ് എഞ്ചിനിയർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	PFMS തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.	1-1-3
5	ടോട്ടൽ സാനിട്ടേഷൻ ക്യാമ്പയിൻ - നീക്കിയിരിപ്പ് തുക കൃത്യമല്ല.	1-1-4
6	ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതിയിട്ടില്ല	1-1-5
7	തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയില്ല	1-1-6
8	ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ചിട്ടില്ല	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഗ്രാന്റ് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-6
14	ക്യാഷ് പരിശോധന	1-7
15	ആഭ്യന്തര നിയന്ത്രണം	1-8
16	വരവ് തുകകൾക്ക് ചട്ടപ്രകാരം രസീത് നൽകുന്നില്ല - പണമിടപാടിൽ സുതാര്യതയില്ല	1-9
17	കടമുറികളുടെ വാടക പിരിവ് കാര്യക്ഷമമല്ല	1-10
18	നെല്ലിവേലിച്ചിറ കിണർനിർമ്മാണവും ടാങ്ക് സ്ഥാപിക്കലും- പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല	1-11
19	ബ്ലോക്ക് ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-12
20	തുക മുൻകൂർ നൽകിയെങ്കിലും ഫോട്ടോകോപ്പിയർ മെഷീൻ നാളിതുവരെ ലഭിച്ചിട്ടില്ല	1-13
21	സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കൽ– തുക നിക്ഷേപിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.	1-14
22	പഠനമുറി-ധനസഹായം കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു	1-15
23	അർഹതാ മാനദണ്ഡങ്ങൾ പാലിക്കാത്ത ഗുണഭോക്താവിന് പഠനമുറി അനുവദിച്ചു	1-16
24	ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു.	1-17
25	ഉദ്ഘാടനച്ചടങ്ങ് - പരിധിയിലധികം തുക ചെലവഴിച്ചു	1-18
26	ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പരിപാലനം തൃപ്തികരമല്ല	1-19
27	കേന്ദ്ര സർക്കാർ വിഹിതം-ചെലവഴിച്ച തുക പദ്ധതി അടങ്കലിൽ ഉൾപ്പെടുത്തിയില്ല.	1-20
28	മുൻകൂർ പണമടച്ചിട്ടും മരുന്ന്, റഫ്രിജറേറ്റർ, ലാബ് റീയേജന്റ്സ് എന്നിവ പൂർണ്ണമായും ലഭിച്ചില്ല	1-21
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
1	ഉദ്ഘാടനച്ചടങ്ങ് - പരിധി വിട്ട് തുക ചെലവഴിച്ചു	3-1
	ഭാഗം **4**	
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4

5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10-05-2024 ലെ 2/1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 15-05-2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെകുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

തീയതി 20.07.2024

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും, 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 PFMS തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

PMAY ഗുണഭോക്താക്കൾക്കുവേണ്ടി PFMS മുഖേന ചെലവഴിച്ച തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

1-1-4 ടോട്ടൽ സാനിട്ടേഷൻ ക്യാമ്പയിൻ - നീക്കിയിരിപ്പ് തുക കൃത്യമല്ല.

ഷെഡ്യൂൾ ബി - 4 : ടോട്ടൽ സാനിട്ടേഷൻ ക്യാമ്പയിൻ ഇനത്തിലുള്ള ഫണ്ടിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല.

1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതിയിട്ടില്ല

ഷെഡ്യൂൾ ബി - 7: ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഇനങ്ങളിലുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചില്ല.

1-1-6 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയില്ല

പഴയ വാഹനത്തിന്റെ മൂല്യത്തിന് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയില്ല.

1-1-7 ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ചിട്ടില്ല

ഷെഡ്യൂൾ ബി - 18: മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ, പ്രവൃത്തികളുടെ പൂർത്തീകരണത്തിനുശേഷം ആസ്തിയിലേക്ക് മാറ്റിയിട്ടില്ല. ഉദാ: ഭൂജല വകുപ്പിൽ നിക്ഷേപിച്ച 36835 രൂപ.

1-2 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, ജനറൽ കമ്മിറ്റിയുടെ 21.03.2023 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ബജറ്റിന് 12.02.2024ലെ 1(-1) -ാം നമ്പർ തീരുമാന പ്രകാരം കമ്മറ്റി അംഗീകാരം നൽകി. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	
	ബജറ്റ് പ്രകാരം	(റസീറ്റ് & പേയ്മെന്റ് പ്രകാരം)	(ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം)
മുന്നിരിപ്പ്	1116260	14695726	
വരവ്	157887000	79173164	
ആകെ	159003260	93868890	65102584
ചെലവ്	158565460	73421496	66492779
നീക്കിയിരിപ്പ്	437800	20447394	

1-3 സാമ്പത്തിക വിശകലനം

ഇനം	(റസീറ്റ് & പേയ്മെന്റ് പ്രകാരം)	(ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം)
മുന്നിരിപ്പ്	14695726	
വരവ്	79173164	
ആകെ	93868890	65102584
ചെലവ്	73421496	66492779
നീക്കിയിരിപ്പ്	20447394	

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ്	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	0	31865000	31865000	25649077	6215923
വികസന ഫണ്ട്-	0	32455000	32455000	22602912	9852088

എസ്.സി.പി					
വികസന ഫണ്ട്-ടി.എസ്.പി	0	65000	65000	0	65000
മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ്	0	7590600	7590600	6229679	1360921
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	7827273	3957500	11784773	255582	11529191
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	4376409	5698965	10075374	2477724	7597650
ഹെൽത്ത് ഗ്രാന്റ്	2337031	36480	2373511	2224119	149392
റ്റി എസ് സി	419794	4500	424294	0	424294

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
161	119732372	95	62521365	66	59.01

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	സെക്രട്ടറി	53	24	47410853	29712675
2	സിഡിപിഒ	12	11	4738358	3883754
3	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	13	11	11644730	9063798
4	പട്ടികജാതി വികസന ഓഫീസർ	4	4	6170000	3384060
5	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	6	6	1253073	1029572
6	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	2	2	2144000	0
7	ഡെയറി എക്സ്റ്റൻഷൻ ഓഫീസർ	8	6	9301351	4704496
8	അസിസ്റ്റന്റ് എഞ്ചിനീയർ	57	25	35718735	9991005
9	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	6	6	1351272	752005
	ആകെ	161	95	119732372	62521365

1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	02.03.2016	2014-15	08.07.2016
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23.03.2016	2011-12 & 2012-13	21.04.2016.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2023 10.30AMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. വിവിധ സെക്ഷനുകളുടെ മേൽനോട്ടം, അവയുടെ ഏകോപനം എന്നിവയിൽ പോരായ്മകൾ നിലനിൽക്കുന്നുണ്ട്. രസീതുകളും അവയുടെ സ്റ്റോക്കും കൈകാര്യം ചെയ്യുന്നത് ചട്ടപ്രകാരമല്ല. സ്ഥാപനം നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. ഉദാ.മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ. സ്യൂട്ട് രജിസ്റ്റർ അപൂർണ്ണമാണ്. കേസുകളുടെ സംക്ഷിപ്തം, അവയുടെ നിലവിലെ സ്ഥിതിവിവരം എന്നിവ കൃത്യമായി എഴുതിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നില്ല.

1-9 വരവ് തുകകൾക്ക് ചട്ടപ്രകാരം രസീത് നൽകുന്നില്ല - പണമിടപാടിൽ സുതാര്യതയില്ല

പഞ്ചായത്തിൽ ലഭിക്കുന്ന തുകകൾക്ക് കമ്പ്യൂട്ടർവൽകൃത രസീതുകൾ നൽകേണ്ടതും, അതിനായി സർക്കാർ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കേണ്ടതുമാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(ഡി) നിഷ്കർഷിക്കുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ സാംഖ്യ രസീതുകൾ ചട്ടപ്രകാരം പ്രിന്റ് ചെയ്ത് നൽകുന്നില്ല. പകരം സാംഖ്യ സ്റ്റേഷനറിയിൽ പേന ഉപയോഗിച്ച് എഴുതി രസീത് നൽകുകയാണ് ചെയ്തിട്ടുള്ളത്. അതിനാൽ പണമിടപാടിൽ സുതാര്യതയില്ല.

സാംഖ്യ രസീതുകൾ നൽകുന്നതിനുള്ള സ്റ്റേഷനറി ലഭിച്ചതിന്റെയും ഉപയോഗിച്ചതിന്റെയും നാളിതുവരെയുള്ള കണക്കുകൾ / സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഉപയോഗിച്ച സാംഖ്യ രസീതുകളുടെ വിവരം ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുക മാത്രമാണ് ചെയ്തുവരുന്നത്.

ഈ വിഷയത്തിൽ മറുപടിയും രേഖകളും ലഭ്യമാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.11/14.06.2024). സാംഖ്യ സ്റ്റേഷനറി സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ലായെന്ന് സെക്രട്ടറി മറുപടി നൽകി.

രസീത് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ സംബന്ധിച്ച് 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിക്കുകയും അപാകതകൾ ചൂണ്ടിക്കാട്ടുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ഇതിന്മേൽ നടപടി സ്വീകരിച്ചിട്ടില്ല. ഈ അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 കടമുറികളുടെ വാടക പിരിവ് കാര്യക്ഷമമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക പിരിവ് കാര്യക്ഷമമല്ല. കുടിശ്ശിക ഉൾപ്പെടെ വലിയ തുക നിലവിൽ പിരിച്ചെടുക്കാനവശേഷിക്കുന്നു. വാടക രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കടമുറി നം	പ്രതിമാസ വാടക	വാടകക്കാരുടെ പേര്	കാലയളവ്	അടയ്ക്കേണ്ട തുക	അടച്ച തുക	കുടിശ്ശിക
274	2500	ശ്രീ സോമരാജൻ	03/2022 -03/2024	62500	20000	42500
275	2500	ശ്രീ ഉണ്ണികൃഷ്ണൻ	04/2022 - 03/2023	30000	7500	22500
276	2500	ശ്രീമതി ശോഭ	04/2022 - 03/2023	30000	0	30000
		ശ്രീ സോമരാജൻ	04/2023 - 03/2024	30000	0	30000

277	2500	ശ്രീമതി ഇന്ദിര ഗണേഷ്	04/2022 - 03/2024	60000	2500	57500
ആകെ				212500	30000	182500

കടമുറികളുടെ വാടക പിരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ അംഗീകൃത ബൈലോ ഇല്ല. വാടകക്കാരുമായി കരാർ ചമച്ചിട്ടുണ്ട്. പതിനൊന്ന് മാസക്കാലയളവിലേക്കാണ് കരാർ. വാടകക്കുടിശ്ശിക വരുത്തുന്നവർക്ക് തുടർന്ന് കടമുറി നൽകില്ലായെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 വർഷം വാടക കുടിശ്ശിക വരുത്തിയവർക്ക് 2023-24 ലേക്ക് കരാർ പുതുക്കി നൽകിയിട്ടുണ്ട്. വാടക നൽകാതെ കടമുറികൾ കൈവശം വെച്ചിരിക്കുന്നവരെ ഒഴിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 26.09.2023ൽ 9(1) -ാം നമ്പർ തീരുമാനം എടുത്തിട്ടുണ്ട്. തീരുമാനം നടപ്പിലാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അനധികൃത വാടകക്കാരെ ഒഴിപ്പിക്കേണ്ടതും, കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കേണ്ടതുമാണ്.

1-11 നെല്ലിവേലിച്ചിറ കിണർനിർമ്മാണവും ടാങ്ക് സ്ഥാപിക്കലും- പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല

പ്രോജക്ടിന്റെ പേര്	നെല്ലിവേലിച്ചിറ കിണർനിർമ്മാണവും ടാങ്ക് സ്ഥാപിക്കലും(207/24)
അടങ്കൽ	449641 (സി.എഫ്.സി ഗ്രാന്റ്)
കരാറുകാരൻ	ശ്രീ പ്രവീൺ.പി
എഗ്രിമെന്റ് നം.	21/AE/LSGD/PKD/2023-24 Dated 20-11-2023
PAC	500000 + 18% GST
പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി	23-03-2024
പ്രവൃത്തി മൂല്യം	44779
ചെലവ് തുക	44779 (Amount Trasferred On 27-03-2024)
നിർവ്വഹണ ഉദ്യോഗസ്ഥ	അസിസ്റ്റന്റ് എൻജിനീയർ

കടമ്പനാട് ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിൽ ഉൾപ്പെട്ട നെല്ലിവേലിച്ചിറ എന്ന സ്ഥലത്ത് കുടിവെള്ള- കാർഷിക ആവശ്യങ്ങൾക്കായി കിണർ നിർമ്മാണം, ടാങ്ക് നിർമ്മാണം, കൃഷിയിടത്തിലേക്ക് വെള്ളം എത്തിക്കുന്നതിനായി പൈപ്പ് ലൈൻ ഇടൽ എന്നീ പ്രവൃത്തികളാണ് എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുണ്ടായിരുന്നത്. എന്നാൽ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ കിണർ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചത്. എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ ഭരണസമിതി തീരുമാനമെടുത്ത് കാലാവധി ദീർഘിപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി ഉപേക്ഷിച്ചത് സംബന്ധിച്ചുള്ള വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുമുള്ള വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം- 4/18-06-2024).

നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണത്തിന്റ പ്രാരംഭഘട്ടത്തിൽ തന്നെ പ്രാദേശികമായി ചില തർക്കങ്ങൾ ഉണ്ടായതിനെ തുടർന്ന് പ്രവൃത്തിയുടെ നിർവ്വഹണം യഥാസമയം പൂർത്തീകരിക്കാൻ സാധിച്ചില്ലായെന്നും വാട്ടർടാങ്ക് സ്ഥാപിക്കുന്ന സ്ഥലം സംബന്ധിച്ച് അഭിപ്രായ വ്യത്യാസങ്ങൾ തദ്ദേശവാസികളുടെ ഇടയിൽ നിലനിൽക്കുന്നുണ്ടെന്നും ഇത് പരിഹരിച്ച് നിർമ്മാണം പുനരാരംഭിക്കുമെന്നാണ് അറിയിച്ചത്. നിലവിൽ പ്രവൃത്തി ഉപേക്ഷിച്ചിട്ടില്ലായെന്നും ഭരണസമിതിയുടെ അംഗീകാരത്തോടെ കാലാവധി ദീർഘിപ്പിച്ച് പ്രവൃത്തി പൂർത്തീകരിക്കുമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്.

കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ എഗ്രിമെന്റ് കാലയളവ് ദീർഘിപ്പിക്കുകയോ ഇത് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. നിലവിൽ പ്രോജക്ട് സ്പിൽ ഓവറാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-12 ബ്ലോക്ക് ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ	വകയിരുത്തിയ തുക	ചെലവഴിച്ച തുക
145/24	650000 (ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ്)	649580

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഏനാദിമംഗലം സി.എച്ച്.സി-യിലേക്ക് വിവരസാങ്കേതികവിദ്യാ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് 2022-23-ൽ ആവിഷ്കരിച്ച പദ്ധതി(97/23) പൂർത്തീകരിക്കാത്തതിനെത്തുടർന്ന് 2023-24-ൽ സ്പിൽ ഓവറാക്കിയിരുന്നു. പദ്ധതി പ്രകാരം വിവിധ സപ്ലൈയർമാരിൽ നിന്നായി GEM മുഖേന ചുവടെ കൊടുത്തിരിക്കുന്ന

ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

ക്രമ നം.	ഉപകരണത്തിന്റെ വിവരങ്ങൾ	എണ്ണം	വില	ആകെ	സപ്ലൈ ചെയ്ത സ്ഥാപനം
1	ലാപ്പ്ടോപ്പ് എയ്സർ	10	47362	473620	കെ.എം.ടെക്നോളജീസ്, കോട്ടയം
2	എപ്സൺ പ്രൊജക്ടർ	1	77370	77370	ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം
3	ആംപ്ലിഫയർ 160W	1	23800	23800	"
4	വെബ് കാം	1	16000	16000	"
5	സ്പീക്കർ ബോക്സ്- അഹൂജ 120w	2	6820	13640	"
6	ട്രൈപോഡ് സ്പീക്കർ സ്റ്റാൻഡ്	2	4500	9000	"
7	പ്രൊജക്ടർ സ്റ്റാൻഡ്	1	7500	7500	"
8	വയർലെസ് മൈക്ക്	1	6650	6650	"
9	പ്രൊജക്ടർ സ്ക്രീൻ	1	7900	7900	സൺബീം, കോട്ടയം
10	സ്റ്റീൽ റാക്ക്	1	6900	6900	സൺബീം, കോട്ടയം
11	മൈക്രോഫോൺ സ്റ്റാൻഡ്	1	2100	2100	സൺബീം, കോട്ടയം
12	സ്പീക്കർ കേബിൾ		3200	3200	ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം
13	വയേർഡ് മൈക്ക്	1	1900	1900	ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം
				649580	

ലാപ്പ്ടോപ്പ്, പ്രൊജക്ടർ എന്നിവ GEM മുഖേന L1 കമ്പാരിസൺ രീതിയിലും 25000 രൂപ വരെ വില വരുന്ന മറ്റ് സാധനങ്ങൾ GEM മുഖേന ഡയറക്ട് പർച്ചേസ് നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സി.പി.ആർ.സി.എസ്. മുഖേന മാത്രം വാങ്ങുന്നത് 18.03.2019-ലെ ഐ.ടി.സെൽ-1/26/2019/വി.സ.വ നമ്പർ സർക്കുലറിലൂടെ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ സി.പി.ആർ.സി.എസ് മുഖേനയല്ല ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്.

2. വാങ്ങേണ്ട സാധനങ്ങളുടെ എണ്ണവും സ്പെസിഫിക്കേഷനുകളും മെഡിക്കൽ ഓഫീസർ 16.12.2022-ലെ എ3-1240/22 നമ്പർ കത്തിലൂടെ അറിയിച്ചിരുന്നു. ഉപകരണങ്ങൾ സംബന്ധിച്ച സാങ്കേതിക അറിവില്ലാത്തതിനാൽ ലഭ്യമായ സ്പെസിഫിക്കേഷനുകളാണ് സമർപ്പിക്കുന്നതെന്നും കത്തിൽ പറഞ്ഞിരുന്നു. സ്പെസിഫിക്കേഷൻ സംബന്ധിച്ച് ആവശ്യമായ പരിശോധന ഐ.കെ.എം.റ്റി.എ. നടത്തുന്നതിന് സെക്രട്ടറി കത്തിൽ നിർദ്ദേശിച്ചിരുന്നെങ്കിലും അത്തരത്തിൽ പരിശോധനകൾ നടത്തി സ്പെസിഫിക്കേഷൻ നിശ്ചയിച്ചതായി കാണുന്നില്ല.

3. 47362 രൂപ വീതം വിലവരുന്ന 10 എയ്സർ ലാപ്പ്ടോപ്പുകളും 77370 രൂപ വില വരുന്ന ഒരു എപ്സൺ പ്രോജക്ടറും GEM മുഖേന L1 കമ്പാരിസൺ രീതിയിലാണ് വാങ്ങിയിട്ടുള്ളത്. ആവശ്യമായ ഗുണനിലവാരവും സ്പെസിഫിക്കേഷനും വിതരണ കാലയളവും അനുയോജ്യമാണെങ്കിൽ കുറഞ്ഞത് മൂന്ന് വ്യത്യസ്ത നിർമ്മാതാക്കളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നിർമ്മാതാവിൽ നിന്നും 25000 രൂപ മുതൽ 500000 രൂപ വരെ വില വരുന്ന സാധനങ്ങൾ GEM മുഖേന നേരിട്ട് വാങ്ങാവുന്നതാണ്. ആയതിലേക്കായി ആവശ്യമായ സ്പെസിഫിക്കേഷനുകൾ നൽകി ഫിൽട്ടർ ചെയ്ത് ലഭിക്കുന്ന L1 ഇനം അതേ സ്പെസിഫിക്കേഷനിലുള്ള മറ്റ് രണ്ട് ബ്രാന്റുകളിലുള്ള ഇനങ്ങളുമായി കമ്പെയർ ചെയ്യേണ്ടതാണ്. അതിനും ശേഷം മാത്രമേ L1 നേരിട്ട് വാങ്ങാൻ സാധിക്കുകയുള്ളൂ. എന്നാൽ ലാപ്പ്ടോപ്പുകൾ GEM മുഖേന വാങ്ങിയപ്പോൾ L1 ഫിൽട്ടർ ചെയ്തെടുക്കുന്നതിന് പ്രധാനപ്പെട്ട സ്പെസിഫിക്കേഷനുകളൊന്നും നൽകിയിട്ടില്ല. പ്രോസസറിന്റെ വിവരങ്ങൾ, ഡിസ്പ്ലേ സൈസ് എന്നീ സ്പെസിഫിക്കേഷനുകളൊന്നും ഫിൽട്ടർ ചെയ്യാൻ ഉപയോഗിച്ചിട്ടില്ല. ഫിൽട്ടർ ചെയ്യാൻ ഉപയോഗിച്ചവയിൽ തന്നെ ഒരേ പരാമീറ്ററിന് ഒന്നിലധികം സ്പെസിഫിക്കേഷനുകളാണ് നൽകിയിട്ടുള്ളത്. ഓപ്പറേറ്റിംഗ് സിസ്റ്റം ലിനക്സിനൊപ്പം വിൻഡോസ് 10 പ്രൊ.(64ബിറ്റ്) കൂടി നൽകി, റാം സൈസ് 4 നൊപ്പം 16 കൂടി നൽകി. ഒരു പ്രത്യേക സപ്ലൈയറുടെ പ്രത്യേക മോഡൽ ലാപ്പ്ടോപ്പ് L1 ഇനമായി ലഭിക്കുന്നതിനാണ് ഇത്തരത്തിൽ

സ്പെസിഫിക്കേഷനുകൾ നൽകി ഫിൽട്ടർ ചെയ്തിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. കൂടാതെ L1 ആയി വാങ്ങൽ നടത്തിയ Acer Intel Core I3 ലാപ്പ്ടോപ്പുമായി കമ്പാരിസൺ നടത്തിയിട്ടുള്ളത് അതേ സ്പെസിഫിക്കേഷനിലുള്ള മറ്റ് രണ്ട് ബ്രാന്റുകളല്ല. കമ്പാരിസൺ നടത്തിയിട്ടുള്ള RDP Intel Core I5, Dell Intel Core I5 എന്നീ ബ്രാന്റുകൾ വ്യത്യസ്തമായ സ്പെസിഫിക്കേഷനുകൾ ഉള്ളതാണ്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	Acer Intel Core I3	RDP Intel Core I5	Dell Intel Core I5
Price	47362	100000	64105
Processor	Intel Core I3	Intel Core I5	Intel Core I5
RAM	4GB	16GB	16GB
Display Size	14	15.6	15.6
Display Resolution	1366x768	1920x1080	1920x1080
Operating System (Pre-Loaded)	Linux	Windows 10 Pro	Linux

L1 ഇനം ഫിൽട്ടർ ചെയ്തെടുക്കുന്നതിലും കമ്പാരിസൺ നടത്തുന്നതിലും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും GEM പോർട്ടലിലെ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. കുറഞ്ഞ വിലയ്ക്ക് ലഭിക്കേണ്ട ലാപ്പ്ടോപ്പിന് പകരം ഉയർന്ന വില നൽകി അതേ സ്പെസിഫിക്കേഷനിലുള്ള ലാപ്പ് ടോപ്പ് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

GEM മുഖേനയുള്ള വാങ്ങലിൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളും GEM പോർട്ടലിലെ പൊതുമാർഗ്ഗനിർദ്ദേശങ്ങളും കർശനമായും പാലിക്കേണ്ടതാണെന്നും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച്ചയോ മനഃപൂർവ്വമായ വ്യതിയാനമോ ഉണ്ടാകുന്നത് ഗൗരവപൂർവ്വം വീക്ഷിക്കുന്നതാണെന്നും 25.11.2021-ലെ എസ്.പി.ഡി.-എ2/61/2021—എസ്.പി.ഡി. നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

3. GEM മുഖേന 10 ലാപ്പ്ടോപ്പുകൾ വാങ്ങിയതിന്റെ ബിൽ തുകയായ 473620 രൂപ 31.05.2023-ൽ കെ.എം.ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് പി.എഫ്.എം.എസ്. മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. CGST Act, 2017-ലെ വകുപ്പ് 51(1) , SGST Act 2017 വകുപ്പ് 51(1) എന്നിവ പ്രകാരം ജി.എസ്.ടി. ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനുശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി. റ്റി.ഡി.എസ്. കുറവ് ചെയ്യേണ്ടതാണ്. എന്നാൽ പ്രസ്തുത ബിൽ തുകയിൽ നിന്നും ജി.എസ്.ടി. ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/15.06.2024) നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു. അപാകതകളിന്മേൽ ചെലവ് തുക 649580 രൂപ തടസ്സപ്പെടുത്തുന്നു.

1-13 തുക മുൻകൂർ നൽകിയെങ്കിലും ഫോട്ടോകോപ്പിയർ മെഷീൻ നാളിതുവരെ ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ	വകയിരുത്തിയ തുക	ചെലവഴിച്ച തുക
228/24	75000 (വികസന ഫണ്ട്-50000 തനത് ഫണ്ട്-25000)	70932 (വികസന ഫണ്ട്-50000 തനത് ഫണ്ട്-20932)

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. A3 Network MFP Photocopier സി.പി.ആർ.സി.എസ്. മുഖേന വാങ്ങുന്നതിന് 18.03.2024-ലെ TVM/ITBG/PI/RC/54635/23-24 നമ്പർ പ്രൊഫോമ ഇൻവോയ്സ് പ്രകാരം 70932 രൂപ കെൽട്രോണിന്റെ വെള്ളയമ്പലം സബ്ട്രഷറിയിലുള്ള അക്കൗണ്ടിലേക്ക് (799011400003959) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. 27.03.24-ൽ 230503630141015404442 നമ്പർ ബിൽ പ്രകാരം 50000 രൂപയും 05.04.24-ൽ XY 5307113 നമ്പർ ചെക്ക് പ്രകാരം 20932 രൂപയുമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ നാളിതുവരെയായിട്ടും ഫോട്ടോകോപ്പിയർ മെഷീൻ സപ്ലൈ ചെയ്തിട്ടില്ല. തുക മുൻകൂർ നൽകിയിട്ടും ഫോട്ടോകോപ്പിയർ മെഷീൻ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/15.06.2024) നൽകിയിരുന്നു. കെൽട്രോണിൽ പ്രസ്തുത ഫോട്ടോകോപ്പിയർ സ്റ്റോക്കില്ലാത്തതിനാലാണ് ലഭ്യമാകാൻ താമസിക്കുന്നതെന്ന് സെക്രട്ടറി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

കെൽട്രോണുമായി ബന്ധപ്പെട്ട് ഫോട്ടോക്കോപ്പിയർ മെഷീൻ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കൽ- തുക നിക്ഷേപിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ	വകയിരുത്തിയ തുക	ചെലവഴിച്ച തുക
170/24 (സ്പിൽ ഓവർ)	180000 (തനത് ഫണ്ട്)	180000

ഏനാദിമംഗലം സി.എച്ച്.സി.യിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. 2022-23 വർഷം 150000രൂപ വകയിരുത്തി ആവിഷ്കരിച്ച പദ്ധതി (77/2022-23) തുക പര്യാപ്തമല്ലാത്തതിനാൽ 2023-24 വർഷത്തേക്ക് സ്പിൽ ഓവർ ആക്കുകയാണ് ചെയ്തത്. പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 180000 രൂപ 5765/20.07.23 നമ്പർ ചലാൻ പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുക നിക്ഷേപിച്ച വിവരം അറിയിച്ച് പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിന് 24.07.2023-ൽ കത്ത് നൽകുകയും ചെയ്തിരുന്നു. എന്നാൽ തുക നിക്ഷേപിച്ച് നാളിതുവരെയായിട്ടും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടില്ല. തുക നിക്ഷേപിച്ച് ഒരു വർഷമായിട്ടും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കാതിരുന്ന സാഹചര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറിയ്ക്ക് ഓഡിറ്റ് എൻക്വയറി(13/15.06.2024) നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പുമായി നിരവധി തവണ കത്തിടപാടുകൾ നടത്തിയെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലായെന്ന് സെക്രട്ടറി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

പൊതുമരാമത്ത് വകുപ്പുമായി നിരന്തരം ബന്ധപ്പെട്ട് പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-15 പഠനമുറി-ധനസഹായം കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

പ്രോജക്ട് നമ്പർ	വകയിരുത്തിയ തുക	ചെലവഴിച്ച തുക
175/24	1900000 (വികസന ഫണ്ട്)	14100000

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് 2022-23-ൽ ആവിഷ്കരിച്ച പദ്ധതി (27/23) പൂർത്തീകരിക്കാത്തതിനെത്തുടർന്ന് 2023-24-ൽ സ്പിൽ ഓവറാക്കിയിരുന്നു. എന്നാൽ പദ്ധതിയിൽ ഒന്നാം ഗഡു കൈപ്പറ്റിയ ഒരാളും ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റിയ മൂന്ന് പേരും പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ വിവരങ്ങൾ	അനുവദിച്ച തുക	തുക കൈപ്പറ്റിയ തീയതി
1	അഭിഷേക് ബി. C/o അനി എ, ബിജുഭവനം, ഇളംഗമംഗലം, ഏഴംകുളം	150000	50000- 08.12.22 100000- 17.02.23
2	ദിവ്യ സി. C/o ശശി കെ, കൊച്ചുതുണ്ടിൽ വീട്, ഇളംഗമംഗലം, ഏഴംകുളം	150000	50000- 24.12.22 100000- 17.02.23
3	അർച്ചന എസ്. C/o സുകേശൻ, നെല്ലിവിള കിഴക്കേതില്, തുവയൂർ തെക്ക്, കടമ്പനാട്	50000	12.01.23
4	അഭിനവ് അജയ് C/o അജയകുമാർ, വേലൻ പറമ്പിൽ, പള്ളിക്കൽ	150000	50000- 18.01.23 100000- 17.06.23

ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി (07/13.06.24) നൽകിയിരുന്നു. ക്രമ നമ്പരുകൾ 1, 2, 4 ഗുണഭോക്താക്കളുടെ പഠനമുറിയുടെ റൂഫ് കോൺക്രീറ്റ് കഴിഞ്ഞതായും മറ്റുള്ള പണികൾ എത്രയും വേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതായും ക്രമ നമ്പർ 3 പ്രകാരമുള്ള ഗുണഭോക്താവിന്റെ മാതാവിന് സുഖമില്ലാതെ

ചികിത്സയിലായിരുന്നതിനാൽ പഠനമുറിയുടെ നിശ്ചിത ഘട്ടം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്നും തുടർന്ന് പണി ചെയ്യാൻ നിർവ്വാഹമില്ലായെന്ന് അറിയിച്ചതിനാൽ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടക്കാൻ നിർദ്ദേശിച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ധനസഹായം അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളെക്കൊണ്ട് പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനോ അല്ലാത്തപക്ഷം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 അർഹതാ മാനദണ്ഡങ്ങൾ പാലിക്കാത്ത ഗുണഭോക്താവിന് പഠനമുറി അനുവദിച്ചു

പ്രോജക്ട് നമ്പർ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ബിൽ തുക/തീയതി
19/24	3995000 (വികസന ഫണ്ട്)	1700000	230503630147007565O7/10.11.23-150000 23050363014700756552/10.11.23-50000 23050363014700756583/10.11.23-200000 23050363014700756626/10.1123-50000 23050363014700756665 /10.11.23-200000 23050363014700756681/10.11.23- 150000 23050363014700759824/10.11.23-100000 23050363014700759824/24.11.23-100000 23050363014700921180/30.12.23-100000 23050363014700921189/30.12.23-100000 23050363014700921197/30.12.23-100000 23050363014700921214/30.1223-100000 23050363014700966808/16.03.24-200000 23050363014701096878 /24.01.24-100000

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് 2023-24-ൽ 19/24 നമ്പരായി പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തിയ 20 ഗുണഭോക്താക്കളിൽ 7 പേർക്ക് ഒന്ന്, രണ്ട് ഗഡുക്കളായി 150000 രൂപ വീതവും ബാക്കി 13 പേർക്ക് ഒന്നാം ഗഡുവായ 50000 രൂപ വീതവും ധനസഹായം അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ..)നം.115/2022/തസ്വഭവ തീയതി:28.05.2022) പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ 800 ചതുരശ്ര അടിയിലധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 ച.അടി. വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി ഒരു ഗുണഭോക്താവിന് പരമാവധി 2 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കാവുന്നതുമാണ്.

അമേയ എ.എസ്, C/o ശ്രീജമോൾ സി., ചരുവിള പുത്തൻവീട് എന്ന ഗുണഭോക്താവിന് പഠനമുറി നിർമ്മിക്കുന്നതിന് 50000 രൂപ മുൻകൂറായി അനുവദിച്ചിട്ടുണ്ട്. ശ്രീ അശോകൻ, ശ്രീമതി ശ്രീജമോൾ എന്നിവരുടെ ഉടമസ്ഥതയിൽ കടമ്പനാട് പഞ്ചായത്തിലുള്ള 12/698 വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത വീടിന്റെ വിസ്തീർണ്ണം 741 ച.അടി. ആണെന്നാണ് കരാറിലും മറ്റും കാണിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റിന് ലഭ്യമായ ലോഗിൻ ഉപയോഗിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത കെട്ടിടത്തിന് ആകെ 957.12 ച.അടി. (GF- 858.53, FF- 98.59) വിസ്തീർണ്ണമുണ്ട്. നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ഗുണഭോക്താവിനെ തെരഞ്ഞെടുത്തിട്ടുള്ളത്. അർഹതാ മാനദണ്ഡങ്ങൾ പാലിക്കാത്ത ഗുണഭോക്താവിനെ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(7/13.06.24) നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം പുന:പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗുണഭോക്താവിന്റെ നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താവ് അനർഹനാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ഒന്നാം ഗഡുവായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു.

2021-22-ൽ ആരംഭിച്ച പി.എം.എ.വൈ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളതും വിവിധ ഘട്ടങ്ങളിലായി ധനസഹായം അനുവദിച്ചിട്ടുള്ളതുമായ ചുവടെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പഞ്ചായത്ത്	ഗുണഭോക്താവിന്റെ വിവരങ്ങൾ	അനുവദിച്ചിട്ടുള്ള തുക
പള്ളിക്കൽ	പങ്കജാക്ഷി, റജിഭവനം, ഇളംപള്ളിൽ	376000
	അമ്പിളി, തുണ്ടിയിൽ, മേലൂട് പി.ഒ.	278000
	മണി ജി., ഇലഞ്ഞിക്കോട്ട് പടിഞ്ഞാറ്റേതിൽ, പെരിങ്ങനാട്	376000
	സരസമ്മ, കിണറുവിള, പാറക്കൂട്ടം	146000
	ഡാനിയേൽ, പാറവിളയിൽ, പെരിങ്ങനാട്	376000
കലഞ്ഞൂർ	അനുരാജ്, ശിവന്യ ഭവനം, കലഞ്ഞൂർ	48000
	വൽസല, ചരുവിള പുത്തൻവീട്, കലഞ്ഞൂർ	48000
	സരസ്വതി, ചിറയിൽ വടക്കേക്കര, കലഞ്ഞൂർ	230000
ഏറത്ത്	രഞ്ജിനി, ശ്രേയസ്സ് വില്ല, വയല	146000
ഏഴംകുളം	അനിൽകുമാർ, അനിൽഭവനം, ഏനാത്ത്	328000
	മോനച്ചൻ, പടനിലത്ത്, ഏനാത്ത്	98000

ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/15.06.24) നൽകിയിരുന്നു. കലഞ്ഞൂർ പഞ്ചായത്തിലെ അനുരാജ്, ശിവന്യ ഭവനം, വൽസല, ചരുവിള പുത്തൻവീട് എന്നീ ഗുണഭോക്താക്കൾ ഒഴികെയുള്ളവർ വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെന്നും അവ 2024-25-ൽ പൂർത്തിയാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനുരാജ് എന്ന ഗുണഭോക്താവ് കെട്ടിട നിർമ്മാണം ആരംഭിക്കാതെ നാട് വിട്ടിട്ടുള്ളതായും വൽസല എന്ന ഗുണഭോക്താവ് 7 പില്ലറുകൾ മാത്രം നിർമ്മിച്ചതിനു ശേഷം തുടർന്ന് നിർമ്മാണം നടത്താൻ താൽപ്പര്യമില്ലായെന്ന് അറിയിച്ചതായും ടി. ഗുണഭോക്താക്കളിൽ നിന്നും നൽകിയ പണം തിരികെ ഈടാക്കാൻ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ധനസഹായം അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ അല്ലാത്തപക്ഷം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ഉദ്ഘാടനച്ചടങ്ങ് - പരിധിയിലധികം തുക ചെലവഴിച്ചു

കൊടുമൺ ഗ്രാമപ്പഞ്ചായത്തിലെ ഇഎംഎസ് സ്റ്റേഡിയത്തിൽ വച്ച് സംഘടിപ്പിക്കപ്പെട്ട, 'നിർമ്മല ഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ല' എന്ന പദ്ധതിയുടെ ഉദ്ഘാടനച്ചടങ്ങിനായി ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽനിന്ന് ചുവടെ പറയും പ്രകാരം 81350 രൂപ ചെലവഴിച്ചിട്ടുണ്ട്.

ചെക്ക് നം./ തീയതി	തുക
XY6928468/18.08.2023	25000
XY6928472/25.08.2023	56350
ആകെ	**81350**

മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങുകൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക സ.ഉ.(സാധാ.) നം.1255/LSGD തീയതി 19.05.2022 പ്രകാരം 75000രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ പരിപാടിക്ക് അനുവദനീയമായതിലും 6350 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഇപ്രകാരം അധികം തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(നം.09/14.06.2024).

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന എല്ലാ ഗ്രാമപ്പഞ്ചായത്തുകളിൽ നിന്നും ഒട്ടേറെപ്പേർ പങ്കെടുത്ത വലിയ ചടങ്ങായതിനാൽ വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടി വന്നെന്നും അതിനാൽ അധികം തുക ചെലവഴിക്കേണ്ടി വന്നെന്നും സെക്രട്ടറി മറുപടി നൽകി. അനുവദനീയമായ ചെലവ് പരിധി സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശം ഉള്ളതാണ്. അതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 6350രൂപ നിരാകരിക്കുന്നു. തുക തിരികെ അടയ്ക്കേണ്ടതാണ്.

1-19 ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പരിപാലനം തൃപ്തികരമല്ല

ബ്ലോക്ക് പഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ (KL 26N 8847) ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല. 2024ഫെബ്രുവരി മുതൽ മെയ് വരെയുള്ള ഇന്ധന ഉപയോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കുകയോ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. 02.02.2024മുതൽ 08.02.2024വരെയും, 01.06.2024മുതൽ 14.06.2024 വരെയുമുള്ള കാലയളവുകളിൽ വാഹനത്തിൽ യാത്രചെയ്ത വ്യക്തിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. വാഹനത്തിന് ഡീസൽ നിറയ്ക്കുന്ന വേളയിൽ ബ്ലോക്ക് പഞ്ചായത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം ഉണ്ടായിട്ടില്ല. വാഹനത്തിന്റെ സുതാര്യമല്ലാത്ത ഉപയോഗം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകി (നം.10/14.06.2024). അപാകതകൾ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി.

ഔദ്യോഗിക വാഹന ഉപയോഗം, ലോഗ് ബുക്ക് പരിപാലനം എന്നിവയിൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1-20 കേന്ദ്ര സർക്കാർ വിഹിതം-ചെലവഴിച്ച തുക പദ്ധതി അടങ്കലിൽ ഉൾപ്പെടുത്തിയില്ല.

2021-22-ൽ ആരംഭിച്ച പി.എം.എ.വൈ (എസ്.സി.പി.) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 13/2024 നമ്പർ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. വികസന ഫണ്ട്(എസ്.സി.പി.), ഗ്രാമ പഞ്ചായത്തുകളുടെ വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നീ ഇനങ്ങളിലായി 2689632 രൂപ വകയിരുത്തിയ പദ്ധതിയിൽ നിന്നും ആകെ 1289632 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേരും നമ്പരും	വകയിരുത്തിയ തുക		ചെലവഴിച്ച തുക	
പി.എം.എ.വൈ (ജി) എസ്.സി.പി. 13/2024	വികസന ഫണ്ട് (എസ്.സി.പി.)	617632	വികസന ഫണ്ട് (എസ്.സി.പി.)	393632
	ഗ്രാമ പഞ്ചായത്ത് വിഹിതം	1190000	ഗ്രാമ പഞ്ചായത്ത് വിഹിതം	700000
	ജില്ലാ പഞ്ചായത്ത് വിഹിതം	882000	ജില്ലാ പഞ്ചായത്ത് വിഹിതം	196000
ആകെ		2689632		1289632

പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് 2023-24-ൽ പദ്ധതിയിലെ കേന്ദ്രവിഹിതമായി 11.76 ലക്ഷം രൂപ പി.എഫ്.എം.എസ് മുഖേന അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ കേന്ദ്രവിഹിതമായി തുകയൊന്നും

വകയിരുത്തിയിട്ടില്ല. അതിനാൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക സുലേഖയിലെ ചെലവുപത്രികയിലോ, വാർഷിക കണക്കുകളിലോ ഉൾപ്പെട്ടിട്ടില്ല. പി.എഫ്.എം.എസ്., മുഖേന വിതരണം നടത്തിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ പേര്	ഗുണഭോക്താവിന്റെ വിവരങ്ങൾ	അനുവദിച്ചിട്ടുള്ള തുക
പള്ളിക്കൽ	സുശീല, മിഥുൻ ഭവനം, മേലൂട്	24000
	സുശീല, നിലമേൽ, ഇളംപള്ളിൽ	24000
	സുരേഷ് & ലത, പ്ലാവറ വടക്കേക്കര വീട്, മുണ്ടപ്പള്ളി	24000
	ശങ്കരി, കാഴ്ച്ചപ്പറമ്പിൽ ഇടപ്പുര, തെക്കുംമുറി	24000
	ഷീജ, അമൽവിലാസം, മുണ്ടപ്പള്ളി	24000
	സിന്ധു, ശ്രീനിലയം, പള്ളിക്കൽ	24000
	രാധാമണി എൻ.കെ., പാലവിളയിൽ, അമ്മകണ്ടകര	72000
	ഷിബുദാസ്, ഷിബുഭവനം, മുണ്ടപ്പള്ളി	72000
	അഖിൽ, പേരൂർതറയിൽ, ഇളംപള്ളിൽ	72000
	രാഘവൻ, മുള്ളിൽ വടക്കേക്കര, പയ്യനല്ലൂർ	72000
	സിനിമോൾ എൽ, കുണ്ടുവയലിൽ വീട്, പെരിങ്ങനാട്	24000
കലഞ്ഞൂർ	ശ്യാമള, മഹേഷ്ഭവനം, തട്ടാക്കുടി	24000
	പങ്കജം, പളനിമുരുപ്പേൽ, തട്ടാക്കുടി	24000
	അശ്വതി/ശശി, തണ്ണീർപന്തൽ, കൂടൽ	24000
	തങ്കമ്മ, ചിറപ്പാട്ട് വടക്കേക്കര, കൂടൽ	24000
	സരസ്വതി, ചിറയിൽ വടക്കേക്കര, കലഞ്ഞൂർ	48000
	ഭവാനി, വാലുമണ്ണിൽ മേലേതിൽ, കലഞ്ഞൂർ	24000
	ജഗദമ്മ, താന്നിമൂട്ടിൽ മേലേതിൽ, നെടുമൺകാവ്	48000
	വൽസല, പട്ടുതറ, പുന്നമൂട്	72000
	ബിന്ദു, ബിജുഭവനം, കലഞ്ഞൂർ	48000
കൊടുമൺ	വസന്ത ബാലചന്ദ്രൻ, വിദ്യാഭവനം, ഐക്കാട്	72000
	സുലോചന, സുലോചന ഭവൻ, ഇടത്തിട്ട	72000
ഏനാദിമംഗലം	രേഷ്മ, അജിഭവനം, കുറുമ്പകര	24000
ഏഴംകുളം	സുരേന്ദ്രൻ, ചീക്കൻകല്ലിൽ കിഴക്കേതിൽ	24000
	വൽസല, രാഹുൽഭവനം, ഇളംഗമംഗലം	24000
	സുഭാഷ്കുമാർ, വയലിറക്കത്ത് വീട്, ഏറത്ത്	24000
	ലേഖ, അമ്പലവിളയിൽ, ഈട്ടിമൂട്, ഏഴംകുളം	24000
കടമ്പനാട്	ഉഷ, വള്ളിതുണ്ടിൽ, തുവയൂർ തെക്ക്	24000
	ശരത്ബാബു, രത്നവിലാസം, മണ്ണടി	24000
	ഓമന പി.ആർ., ഗീതുഭവനം, തുവയൂർ തെക്ക്	24000
	ശശി, കുളങ്ങര മേലേതിൽ, പടിഞ്ഞാറെവിള ലക്ഷംവീട്	24000
	ദാമോദരൻ, രതീഷ് ഭവനം, കടമ്പനാട്	24000
ആകെ		1176000

കേന്ദ്ര വിഹിതം പദ്ധതി അടങ്കലിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.14/15.06.2024) നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച തുക സുലേഖയിലെ ചെലവുപത്രികയിലും, വാർഷിക കണക്കുകളിലും ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ

2023-24-ലെ ആകെ പദ്ധതിച്ചെലവിൽ അത്രയും തുക കുറവ് രേഖപ്പെടുത്താൻ ഇടയായി. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പദ്ധതി രൂപീകരണത്തിലും ഫണ്ട് വകയിരുത്തുന്നതിലും കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

1-21 മുൻകൂർ പണമടച്ചിട്ടും മരുന്ന്, റഫ്രിജറേറ്റർ, ലാബ് റീയേജന്റ്സ് എന്നിവ പൂർണ്ണമായും ലഭിച്ചില്ല

ഏനാദിമംഗലം സി.എച്ച്.സിയിലേക്ക് ആവശ്യമായ മരുന്നും, റഫ്രിജറേറ്ററും, ലാബ് റീയേജന്റുകളും വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ മരുന്ന്, റഫ്രിജറേറ്റർ, ലാബ് റീയേജന്റ് എന്നിവയ്ക്കായി അടവാക്കിയ തുകയ്ക്കുള്ള സാധനങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതിയുടെ പേര്/നം	ചെലവ് തുക	മരുന്ന് ലഭ്യമായ തുക	മരുന്ന് ലഭ്യമാക്കുവാൻ അവശേഷിക്കുന്ന തുക
1	രജിസ്റ്റേഡ് പാലിയേറ്റീവ് സൊസൈറ്റികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ 120/24	700000	300000	400000
2	ഏനാദിമംഗലം സി.എച്ച്.സിയിലേക്ക് റഫ്രിജറേറ്റർ, ലാബ് റിയേജന്റ് 227/24	125676	ഇല്ല	125676
3	ഏനാദിമംഗലം സി.എച്ച്.സിയിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ 123/24	2637197	1143513	1493684

അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നും ഉപകരണങ്ങളും ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഉദ്ഘാടനച്ചടങ്ങ് - പരിധി വിട്ട് തുക ചെലവഴിച്ചു

കൊടുമൺ ഗ്രാമപ്പഞ്ചായത്തിലെ ഇഎംഎസ് സ്റ്റേഡിയത്തിൽ വച്ച് സംഘടിപ്പിക്കപ്പെട്ട, 'നിർമ്മല ഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ല' എന്ന പദ്ധതിയുടെ ഉദ്ഘാടനച്ചടങ്ങിനായി ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽനിന്ന് അനുവദനീയമായതിലും 6350 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-18ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
പള്ളിക്കൽ ഗ്രാമപ്പഞ്ചായത്ത്	420000	പിഎംഎവൈ (SCP) നം.13/2024	420000	0
കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്ത്	280000	-ടി-	280000	0
ജില്ലാപ്പഞ്ചായത്ത് പത്തനംതിട്ട	196000	-ടി-	196000	0

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	*ഖണ്ഡിക നം.*	*സമാഹൃത റിപ്പോർട്ട് വർഷം*	*വിഷയം*	*ഇപ്പോഴത്തെ അവസ്ഥ*
1999-00	12	2001-02	അയൽക്കൂട്ട രൂപീകരണം - രജിസ്റ്ററുകളും ബുക്കുകളും വാങ്ങി നൽകിയത്	പരാമർശം നിലനിൽക്കുന്നു.
2002-03	3-3	2006-07	ഭവന നിർമ്മാണ പദ്ധതി ഫയലുകൾ ഓഡിറ്റിനു ഹാജരാക്കിയില്ല	പരാമർശം നിലനിൽക്കുന്നു.
2002-03	3-4	2006-07	മരാമത്ത് പ്രവൃത്തികൾ - വൗച്ചറുകളും രേഖകളും ഹാജരാക്കിയില്ല	പരാമർശം നിലനിൽക്കുന്നു.
2003-04	2-8.	2007-08	പാറക്കുഴി - പറമ്പിക്കുഴി ഏലാ ബണ്ട് നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്.	പരാമർശം നിലനിൽക്കുന്നു.
2005-06	3-4	2009-10	1194686 രൂപയുടെ ചെലവിനുള്ള വൗച്ചറുകളും രേഖകളും ഹാജരാക്കിയില്ല.	പരാമർശം നിലനിൽക്കുന്നു.
2006-07	2-1	2009-10	വനിതാ ക്ഷേമം (ജനറൽ, എസ്.സി.പി) മോണിട്ടറിംഗിന്റെ	പരാമർശം നിലനിൽക്കുന്നു.

			അഭാവം	
2007-08	3-1	2010-11	വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ	പരാമർശം നിലനിൽക്കുന്നു.
2007-08	3-5	2010-11	വികലാംഗർക്ക് ബങ്ക് പദ്ധതി നടത്തിപ്പിലെ അപാകതകൾ	പരാമർശം നിലനിൽക്കുന്നു.
2007-08	3-8(1)	2010-11	കുടിവെള്ള പദ്ധതി- അധികച്ചെലവ്	പരാമർശം നിലനിൽക്കുന്നു.
2007-08	3-17	2010-11	കിണർ നിർമ്മാണം- പിൻവലിച്ച തുക വിതരണം ചെയ്തില്ല	പരാമർശം നിലനിൽക്കുന്നു.
2007-08	3-7	2010-11	ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്- കരാറുകാരന് അധിക തുക നൽകി	പരാമർശം നിലനിൽക്കുന്നു.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

	(റസീറ്റ് & പേയ്മെന്റ് പ്രകാരം)	(ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം)
ഓഡിറ്റ് വർഷത്തെ ആകെ വരവ്	93868890	65102584
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	73421496	66492779
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല	
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക		6350
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	649580	

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	6350	ശ്രീ രജീഷ് ആർ നാഥ്, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	649580	ശ്രീ രജീഷ് ആർ നാഥ്., സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം

ശ്രീ രജീഷ് ആർ നാഥ്., സെക്രട്ടറി	സെക്രട്ടറി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത്	ചൈത്രം, എലിയറയ്ക്കൽ, കോന്നി പി.ഒ, 689691

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം
2003-04	എൽ.എഫ്.പി.റ്റി.എ – പി6/940/06, തീയതി 09-07-07	2
2004-05	എൽ.എഫ്.പി.റ്റി.എ – പി6/ 877/06, തീയതി 06-12-07	9 (3-6, 3-10, 3-11, 3-12, 3-17, 3-18, 3-21, 3-23, 3-24)
2005-06	എൽ.എഫ്.പി.റ്റി.എ – പി6/ 878/06, തീയതി 11-12-07	10
2006-07	എൽ.എഫ്.പി.റ്റി.എ – പി6/561/08, തീയതി 13-03-09	1 (2-13)
2008-09	എൽ.എഫ്.പി.റ്റി.എ – പി2/29/11, തീയതി 11-05-11 / 11-07-11	7
2009-10	എൽ.എഫ്.പി.റ്റി.എ – പി2/ 30/11, തീയതി 10-10-11/16-03-12	3
2010-11 & 2011-12	എൽ.എഫ്.പി.റ്റി.എ – പി2/236/13, തീയതി 30-11-13 /13-12-13	13
2012-13	എൽ.എഫ്.പി.റ്റി.എ – പി2/ 226/14, തീയതി 09-05-14	9
2013-14	എൽ.എഫ്.പി.റ്റി.എ – പി2/ 256/15, തീയതി 13-07-15	4 (2-1, 3-8, 3-10, 3-14)
2014-15	കെ എസ് എ പി.റ്റി.എ – പി2/1012/16, തീയതി 07-09-16	7 (2-1, 3-3, 3-4, 3-5, 3-6, 3-7, 3-8)
2015-16	കെ എസ് എ പി.റ്റി.എ – പി13/215/17, തീയതി 15-04-17	5 (2-1, 3-3, 3-4, 3-7, 3-13)
2016-17	കെ എസ് എ പി.റ്റി.എ – പി12/1303/17, തീയതി 07-12-17	11
2017-18	കെ.എസ്സ്.എ.പി.റ്റി.എ.പി12/322/19 തീയതി 10.05.2019	8
2018-19	കെ.എസ്സ്.എ.പി.റ്റി.എ.പി12/862/19 തീയതി 11.10.2019	6 (1-12,1-13, 1-16, 1-17, 1-18, 1-19)
2019-20	കെ.എസ്സ്.എ.പി.റ്റി.എ.പി12/914/21 തീയതി 23.01.2022	2
2020-21	കെ.എസ്സ്.എ.പി.റ്റി.എ.പി12/915/21 തീയതി 23.01.2022	7
2021-22	കെ.എസ്സ്.എ.പി.റ്റി.എ.പി P12/270/2023 തീയതി 28/03/23	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്സ്.എ.പി.റ്റി.എ.പി P12/731/2023	

		തീയതി 06/10/23	

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 13-05-2024 and submitted on 15-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the PARAKKODE Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of PARAKKODE Block Panchayat as on 31-03-2024

Date: 20/07/2024

Senior Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of PARAKKODE Block Panchayat for the Year 2023-2024 .

1.Major Observations

-NIL-

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted to audit eg: Ratios, Notes to accounts
2. Net increase in cashflow doesnot match with the difference between the

Opening Balance and Closing Balance of cash and cash equivalents.

3. Expenditure incurred for PMAY beneficieries through PFMS were not included in the annual financial statement.
4. The amount shown as Closing Balance under the head ÂTotal Sanitation is not accurate.
5. The deposit register is not properly maintained and hence not match with accounts.
6. Depreciation not provided for old vehicle
7. Amount expended/utilised for asset creations using specific grant account was not transferred to Capital contribution. eg: Amount of Rs.36835 deposited to GWA.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്